## പാഠം 5

# പൗലോസിന്റെ മാനസാന്തരം

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന് അ.പ്ര. 26:9–11; ആവ. 21:23; അ.പ്ര. 9:1–20; 1 കൊരി. 9:1; ഗലാ. 1:1; അ.പ്ര. 9:20 –30.**

**മനഃപാഠവാക്യം“നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന ഒരു പാത്രം ആകുന്നു” (അ.പ്ര. 9:15).**

തർസോസുകാരനായ ശൗലിന്റെ (പിന്നീട് പൗലോസായ) മാനസാന്തരം അപ്പൊസ്തോലിക സഭയുടെ ചരിത്രത്തിലെ ഏറ്റവും അസാധാരണമായ സംഭവമായിരുന്നു. പൗലോസിന്റെ പ്രാധാന്യം അവന്റെ മാനസാന്തരത്തിന് മുൻപു മുതൽ ഉള്ളതാണ്. സഭയുടെ ശത്രുക്കളിൽ യഥാർത്ഥ ക്രിസ്ത്യാനിയായിതീർന്നത് പൗലോസ് മാത്രമായിരുന്നില്ല. സുവിശേഷത്തോട് ബന്ധപ്പെട്ട് താൻ ചെയ്തുകൊണ്ടിരുന്നത് എന്താണ് അവൻ അവസാനിപ്പിച്ചത്? പൗലോസ് ആദ്യകാല വിശ്വാസികൾക്ക് ഒരി ക്കലും മാറ്റമില്ലാത്ത ഒരു ശത്രുവായിരുന്നു. ശൈശവകാല സഭയ്ക്ക് അവന് ചെയ്യാമായിരുന്ന ദോഷം വളരെയായിരുന്നു. സഭയെ നശിപ്പിക്കാൻ ഔദ്യോഗികമായ പിന്തുണയും സ്വയം നിശ്ചയദാർഢ്യവും ഉണ്ടായിരുന്നു എന്നിരുന്നാലും ദമസ്ക്കോസിലേയ്ക്കുള്ള വീഥിയിൽ വെച്ചുള്ള ദൈവവിളിയോട് വിശ്വസ്തതയോടെ പ്രതികരിച്ച്, അപ്പൊസ്തലന്മാരിൽ ശ്രേഷ്ഠനായി തീർന്നു. “നിരന്തരം ദൈവസഭയുടെ കുടത്ത പീഡകനിൽ നിന്ന് ഏറ്റവും കഴിവുള്ള സംരക്ഷകനും സുവിശേഷത്തിന്റെ ഏറ്റവും ശക്തനായ വക്താവും എഴുന്നേറ്റു” EGW, Sketches from the life of Paul, P. 9

ആദ്യകാല സഭയെ പീഡിപ്പിച്ചിരുന്ന തന്റെ മുൻകാല പ്രവർത്തികൾ പൗലോസിൽ അയോഗ്യതയെക്കുറിച്ച് ആഴമേറിയ ഒരു ചിന്തകൊണ്ടുവരും. എങ്കിലും ദൈവത്തിന് തന്നോടുണ്ടായിരുന്ന കൃപ വൃഥാ ആയില്ലല്ലോ എന്നോർത്ത് അഗാധമയി നന്ദി പറയാൻ കഴിഞ്ഞു. പൗലോസിന്റെ മാനസാന്തരത്തോടെ ക്രിസ്ത്യാനിത്വം എന്നന്നേയ്ക്കുമായി മാറ്റപ്പെട്ടു.

**സഭയുടെ പീഡകൻ**

പൗലോസ് യവനനായ യെഹൂദനായിരുന്നു, ജന്മസ്ഥലം കിലിക്യയുടെ തലസ്ഥാനമായ തർസോസ് ആയിരുന്നു (അ.പ്ര. 21:39). ഒരു പരിധിവരെ യവന വിശ്വാസത്തിന്റെ പതിവു ശൈലിയിൽ നിന്ന് വ്യതിചലിച്ച് യെരൂശലേമിൽ വന്ന്, ആ കാലത്തെ ഏറ്റവും പ്രഗൽഭന ായ അദ്ധ്യാപകൻ ഗമാലിയേലിന്റെ കീഴിൽ പഠിച്ചു. ഒരു പരീശൻ എന്ന നിലയിൽ തന്റെ ഉത്സാഹം ത്രീവ്രമായ മതഭക്തിയോളം എത്തിയെങ്കിലും പൗലോസ് ഉറച്ച പാരമ്പര്യമുള്ളവനായിരുന്നു (ഗലാ.1:14). അതുകൊണ്ടാണ് അവൻ സ്തേഫാനോസിനെ മരണത്തിലെയ്ക്ക് നയിച്ച് അതിനെ തുടർന്നുള്ള പീഡനത്തിന്റെ കേന്ദ്രകഥാപാത്രമായത്.

**വായിക്കുക: അ.പ്ര. 26:9–11 എങ്ങനെയാണ് സഭയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളെ വിവരിച്ചത്.**

പൗലോസ് പറയുന്നു മറ്റ് സ്ഥലങ്ങളിൽ സുവിശേഷം യെഹൂദന്മാർക്ക് ഒരു തടങ്ങൽ പാറയായിരുന്നു(1 കൊരി.1:23). ഈ കാര്യങ്ങൾ കൂടാതെ, പരമ്പരാഗത യെഹൂദ കണക്കുകൂട്ടലുകൾപ്പോലെ രാജകീയ മശിഹ എന്ന പ്രതീക്ഷയ്ക്ക് അനുയോജ്യമല്ലായിരുന്നു യേശു. ഒരു അർത്ഥത്തിലും ക്രൂശിൽ മരിച്ച ഒരാളെ ദൈവത്തിന്റെ മശിഹയായി അംഗീകരിക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ദൈവ വചനം പറയുന്നത് തൂങ്ങിമരിക്കുന്ന ആൾ ദൈവത്തിന്റെ ശാപത്തിൻ കീഴിലാണ് (അ.പ്ര. 21:23). ആയതിനാൽ യെഹൂദന്മാർക്ക് യേശുവിന്റെ ക്രൂശീകരണം അതിനാൽ തന്നെ സത്യത്തെ എതിർത്ത് വികൃതമാക്കുന്നതായിരുന്നു, യേശുവിനെക്കുറിച്ച് സഭയുടെ വ്യക്തമായതെളിവുകൾ തെറ്റായിരുന്നു.

അ.പ്ര. 9:1,2 നൽകുന്ന ചിത്രം വിശ്വാസികൾക്കെതിരായി തർസോസുകാരനായ ശൗലിന്റെ പ്രവർത്തികളാണ്. ദമസ്ക്കോസ് യെരൂശലേമിന് നൂറ്റിമുപ്പത്തിയഞ്ച് മൈൽ വടക്കുള്ള വലിയൊരു വിഭാഗം യെഹൂദന്മാരുണ്ടായിരുന്ന ഒരു പ്രധാന പട്ടണമായിരുന്നു. യെഹൂദയ്ക്ക് പുറത്ത് താമസിച്ചിരുന്ന യെഹൂദന്മാർ സംഘടിതരായിരുന്നു അവരുടെ തലസ്ഥാനം യെരൂശലേം ആയിരുന്നു. (സൻഹെദ്രിൻ) യെഹൂദാ ദൈവാലയങ്ങൾ പ്രദേശിക സമുദായങ്ങളെ സഹായിച്ചുകൊണ്ടിരുന്ന കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നു. ഈ പ്രദേശിക സമുദായങ്ങളും സൻഹെദ്രിനും തമ്മിൽ നിരന്തര സമ്പർക്കമുണ്ടായിരുന്നു. 'ഷാലിയ'(അയയ്ക്കപ്പെടുന്ന ഒരാൾ)മുഖാന്തിരം കത്തുകളിലൂടെ അവർ രണ്ടാശയവിനിമയം നടത്തിയിരുന്നു. ഷാലിയ മതപരമായ അനേക ചട

ങ്ങുകൾ നിർവ്വഹിക്കുന്നതിനായി സൻഹെദ്രിനാൽ നിയമിക്കപ്പെട്ട ഔദ്യോഗിക പ്രചാരകനായിരുന്നു.

ദമസ്ക്കോസിലുള്ള യെഹൂദാ ദൈവാലയങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കത്ത് സൻഹെദ്രിന്റെ അദ്ധ്യക്ഷനായ മഹാപുരോഹിതനോട് ചോദിച്ചപ്പോൾ അധികാരത്തോടുകൂടി യേശുവിന്റെ ഏത് അനുയായികളെയും ബന്ധിച്ച് യെരൂശലേമിലേയ്ക്കുകൊണ്ടു വരാവുന്ന'ഷാലിയ' (Shaliah) ആയി തീരുവാൻ പൗലോസിനു സാധിച്ചു (താരതമ്യം ചെയ്യുക അ.പ്ര. 26:12). ഷാലിയ എന്നതിന്റെ സമാനമായ ഗ്രീക്കു പദമാണ് 'അപ്പൊസ്തോൽസ്' (apostols) ആതിൽ നിന്നാണ് അപ്പൊസ്തോലൻ എന്ന വാക്ക് ഉണ്ടായത്. അങ്ങനെ യേശുവിന്റെ അപ്പൊസ്തോലൻ ആവുന്നതിന് മുമ്പ് പൗലോസ് സൻഹെദ്രിന്റെ അപ്പൊസ്തലനായിരുന്നു.

എപ്പോഴാണ് അവസാനമായി നിങ്ങൾ വളരെ സന്തോഷത്തോടെ കരുതിയിരുന്ന (അല്ലെങ്കിൽ എതിരായിരുന്ന) എന്തെങ്കിലും ഒന്നിൽ നിന്ന് നിങ്ങളുടെ മനസ്സിനെ മാറ്റിയത്? ആ അനുഭവത്തിൽ നിന്ന് നിങ്ങൾ എന്ത് പാഠങ്ങൾ പഠിച്ചു?

**തിങ്കൾ** **ജൂലൈ 30**

### ദമസ്കോസിന്റെ വീഥിയിൽ

വായിക്കുക: അ.പ്ര. 9:3-9 ദമസ്കോസിനോട് അടുത്തുകൊണ്ടിരുന്നപ്പോൾ എന്താണ് പൗലോസിന് സംഭവിച്ചത്? അ.പ്ര.9:5 ലെ യേശുവിന്റെ വാക്കുകളുടെ പ്രാധാന്യം എന്താണ്? (അ.പ്ര. 26:14 കൂടിനോക്കുക).

പൗലോസും തന്റെ കൂട്ടത്തിലുള്ളവരും ദമസ്കോസിനോട് അടുത്തപ്പോൾ അപ്രതീക്ഷിതമായി ചിലത് സംഭവിച്ചു. ഏകദേശം ഉച്ചയായി വളരെ ശക്തിയേറിയ ഒരു പ്രകാശവും സംസാരിക്കുന്ന ഒരു ശബ്ദവും. ഇത് പ്രവചനകാര്യത്തിലെപ്പോലെ ഒരു ദർശനമായിരുന്നില്ല. എന്നാൽ പൗലോസിനെ മാത്രം ലക്ഷ്യം വെച്ചുള്ള സ്വർഗ്ഗീയ അടയാളമായിരുന്നു. അവന്റെ കൂടെയുണ്ടായിരുന്നവർ ആ വെളിച്ചം കണ്ടു എന്നിരുന്നാലും പൗലോസ് മാത്രം അന്ധനായി. മറ്റുള്ളവർ ആ ശബ്ദം കേട്ടു പൗലോസിനുമാത്രമേ അത് മനസ്സിലാക്കുവാൻ സാധിച്ചുള്ളൂ. ആ പ്രകാശം പൗലോസിന് ആ നിമിഷം വ്യക്തിപരമായി പ്രത്യക്ഷനായ, ഉയിർത്തപ്പെട്ട യേശുവിന്റെ സ്വർഗ്ഗീയ മഹത്വമായിരുന്നു. (അ.പ്ര. 22:14) പലയിടങ്ങളിലും, താൻ യേശുവിനെ കണ്ടുവെന്ന് ശക്തിയോടെ പൗലോസ് സംസാരിച്ചു അത്, അപ്പൊസ്തോലിക അധികാരത്തിനും യേശുവിന്റെ ഉയിർപ്പിന് സാക്ഷ്യം വഹിച്ച പന്ത്രണ്ടുപേർക്കും തുല്യനാക്കി (1 കൊരി. 9:1, 15:8).

അതിനുശേഷം യേശുവുമായുള്ള സംഭാഷണം പ്രകാശത്തെക്കാൾ ശക്തിയോടെ പൗലോസിന്റെമേൽ പതിച്ചു. നസ്രായനായ യേശുവിന്റെ അനുയായികളെ ആക്രമിക്കുക വഴി പാരമ്പര്യ യെഹൂദമതത്തിലെ ഭയാനകവും അപകടകരവുമായ തെറ്റുകളെ ശുദ്ധീകരിക്കുന്ന ദൈവത്തിന്റെ പ്രവർത്തിയാണ് താൻ ചെയ്യുന്നതെന്ന് പൗലോസിന് പരിപൂർണ്ണമായും ബോധ്യമായിരുന്നു. എന്നിരുന്നാലും പൗലോസിന്റെ ദുഃഖം യേശു ജീവിച്ചിരിക്കുന്നു എന്നു മാത്രമല്ല, അവന്റെ വിശ്വാസികളെ ദ്രോഹിക്കുന്നതിലൂടെ അവൻ യേശുവിനെ തന്നെയായിരുന്നു അക്രമിച്ചിരുന്നത് എന്നതായിരുന്നു.

ശൗലിനോട് സംസാരിക്കുമ്പോൾ യേശു ഉപയോഗിച്ചത് പൗലോസിന് പരിചിതമായ യവനഭാഷയിൽ നിന്നുണ്ടായ ഒരു പഴഞ്ചൊല്ലിന്റെ രീതിയിലായിരുന്നു. "മുള്ളിന്റെ നേരം ഉതയ്ക്കുന്നത് നിനക്ക് വിഷമം ആകുന്നു" (അ.പ്ര. 26:14). ആ ഒരുചിത്രം എന്നത് നുകത്തിൽ ബന്ധിച്ചിരിക്കുന്ന കാള അതിനെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന മൂർച്ചയേറിയ കോലിന് എതിരെ ചലിക്കുമ്പോൾ, ആ മൃഗം തന്നെ അതിനെ കൂടുതൽ മുറിവേൽപ്പിക്കുന്നു.

ഈ സംസാരം വിരൽ ചൂണ്ടുന്നത് പൗലോസിന്റെ മനസ്സിലെ ബദ്ധപ്പാടാണ്. വേദപുസ്തകം പരാമർശിക്കുന്നത്, ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായിട്ടാണ് (യോഹ.16:8-11). അത് സ്തേഫാനോസിന് എന്തു സംഭവിച്ചു എന്നത് മനസ്സിലാക്കാൻ സഹായിക്കും. "സ്തേഫാനോസിന്റെ വിചാരണയിലും കുറ്റം ബോദ്ധ്യപ്പെടുത്തുന്നതിലും ഒരു പ്രധാനപങ്ക് വഹിച്ചത് ശൗലായിരുന്നു. രക്തസാക്ഷിയോട് കൂടെയുണ്ടായിരുന്ന അതിശക്തമായ ദൈവിക സാന്നിദ്ധ്യം താൻ യേശുവിന്റെ അനുയായികൾക്കെതിരായി തെരഞ്ഞെടുത്ത കാരണത്തിന്റെ ധാർമ്മികതയുടെ സംശയത്തിലേക്ക് ശൗലിനെ നയിച്ചു. അവന്റെ മനസ്സ് ആഴത്തിൽ കലങ്ങി. ഈ സങ്കീർണ്ണമായ സാഹചര്യത്തിൽ ആരുടെ ജ്ഞാനത്തിലും തീരുമാനത്തിലുമാണോ പൂർണ്ണ വിശ്വാസമുണ്ടായിരുന്നത് ആ വ്യക്തിയോട് അവൻ അപേക്ഷിച്ചു. സ്തേഫാനോസ് ദൈവ ദൂഷണം പറയുന്നവനായിരുന്നു എന്ന പുരോഹിതന്മാരുടെയും ഭരണാധികാരികളുടെയും വാദങ്ങൾ ഒടുവിൽ പൗലോസിന് ബോദ്ധ്യപ്പെട്ടു. രക്തസാക്ഷിയാക്കപ്പെടേണ്ട ശിഷ്യൻ പ്രസംഗിച്ച യേശു ഒരു വഞ്ചകനാണെന്നും എന്നാൽ പരിശുദ്ധ സ്ഥാനങ്ങൾ വഹിക്കുന്നവരുടെ വിധി ശരിയാണെന്നും ബോദ്ധ്യപ്പെട്ടു." The Acts of the Apostles, pp. 112,113.

**എന്തുകൊണ്ടാണ് നിങ്ങളുടെ മനഃസാക്ഷിയോട് കൂടുതൽ ശ്രദ്ധ നൽകുന്നത് ബുദ്ധിപരമാവുന്നത്?**

## അനന്യാസിന്റെ സന്ദർശനം

അവൻ യേശുവിനോട് തന്നെയായിരുന്നു സംസാരിച്ചുകൊണ്ടിരുന്നത് എന്ന് തിരിച്ചറിഞ്ഞപ്പോൾ താൻ നോക്കിക്കൊണ്ടിരുന്ന ഒരു അവസരം യേശുവിന് നൽകാൻ ശൗൽ ചോദിച്ചു "കർത്താവേ ഞാൻ എന്തു ചെയ്യേണം" (അ.പ്ര. 22:10).

അവന്റെ ആ നിമിഷം വരെയുള്ള പ്രവർത്തനങ്ങളുടെ വീക്ഷണത്തിൽ അതിനുള്ള ക്ഷമാപണത്തേയാണ് ആ ചോദ്യം സൂചിപ്പിക്കുന്നത്. എന്നാൽ അതിനെക്കാൾ പ്രധാനമായി ആ സമയം മുതൽ യേശു അവന്റെ ജീവിതത്തെ നയിക്കുവാനുള്ള നിരുപാതികമായ സമ്മതത്തേയാണ് ഇത് പ്രകടമാക്കുന്നത്. ദമസ്ക്കൊസിലേക്ക് കൊണ്ടുപോയതിനുശേഷവും തുടർന്നുള്ള നിർദ്ദേശങ്ങൾക്കായി ശൗൽ കാത്തിരിക്കണമായിരുന്നു.

അ.പ്ര. 9:10-19 വചനങ്ങളിൽ വേദപുസ്തകം വെളിവാക്കുന്നത് തർസൊസുകാരനായ ശൗലിനെ അപ്പൊസ്തലനായ പൗലൊസ് എന്ന നിലയിൽ പുതു ജീവിതത്തിനായി തയ്യാറാക്കുവാൻ ദൈവം എങ്ങനെ പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നാണ്. ഒരു ദർശനത്തിൽ ശൗലിനെ സന്ദർശിക്കുവാനും അവന്റെ മേൽ കൈവച്ച് അവന്റെ കാഴ്ച തിരികെ നൽകുവാനും അനന്യാസിനെ ചുമതലപ്പെടുത്തി. അനന്യാസ് എങ്ങനെയോ ശൗൽ ആരാണെന്ന് നേരത്തേ അറിഞ്ഞിരുന്നു. അതുപോലെ തന്നെ എത്ര സഹോദരങ്ങൾ പീഡനം ഏറ്റു. അനേകം പേരുടെ ജീവൻ ഇവൻ കാരണം നഷ്ടമായി. ശൗൽ ദമസ്കൊസിലായിരിക്കാനുള്ള പ്രധാന കാരണം എന്താണെന്നുകൂടി അനന്യാസിന് അറിയില്ലായിരുന്നു. അതുകൊണ്ട് തീർച്ചയായും താൻ അവിടെ ശൗലിന്റെ ആദ്യത്തെ ഇരയാകേണ്ട അവന്റെ വിമുഖത മനസ്സിലാക്കാൻ കഴിയുന്നതാണ്.

ശൗലും യേശുവുമായി വ്യക്തിപരമായി നടന്ന അപ്രതീക്ഷിത കൂടിക്കാഴ്ച അവന്റെ ജീവിതത്തെ എന്നന്നേയ്ക്കുമായി മാറ്റമുള്ളതാക്കിയിരുന്നു എന്ന കാര്യം അനന്യാസ് അറിഞ്ഞിരുന്നില്ല. ശൗൽ സൻഹെദ്രിന് വേണ്ടി പ്രവർത്തിക്കുന്നതിനു പകരം യേശുവിനുവേണ്ടി പ്രവർത്തിക്കാൻ അവനെ വിളിച്ചു എന്നത് അനന്യാസിനെ ആശ്ചര്യപ്പെടുത്തി. അത് അർത്ഥമാക്കുന്നത് ശൗൽ ഇനി ഒരു നാളും സൻഹെദ്രിന്റെ അപ്പൊസ്തലനല്ല. എന്നാൽ യെഹൂദനും ജാതികൾക്കും സുവിശേഷമെത്തിക്കാൻ യേശുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ഉപകരണമായിരുന്നു.

**വായിക്കുക: ഗലാ. 1:1,11,12 അപ്പൊസ്തല ശുശ്രൂഷയെക്കുറിച്ച് എന്ത് പ്രത്യേക അവകാശമാണ് പൗലൊസിന് ഉണ്ടായിരുന്നത്?**

ഗലാതൃലേഖനങ്ങളിൽ പൗലൊസ് ഊന്നിപ്പറയുന്നത് തന്റെ അപ്പൊസ്തലത്വവും ദൂതും സ്വീകരിച്ചത് യേശുവിൽ നിന്ന് നേരിട്ടാണ് അല്ലാതെ മറ്റേതെങ്കിലും മാനസിക ഉറവിടങ്ങളിൽ നിന്നല്ല. ഇത് അനന്യാസിന്റെ വിളിയിൽ താൻ ചെയ്തുതീർക്കേണ്ട പങ്കും തമ്മിൽ എതിരിടേണ്ട ആവശ്യമില്ല. അവനെ സന്ദർശിക്കുമ്പോൾ ദമസ്കൊസിലെ വീഥിയിൽവച്ച് ശൗലിന്റെ ദൗത്യം യേശുക്രിസ്തുവിൽ നിന്നുതന്നെ സ്വീകരിച്ചു കഴിഞ്ഞിരുന്നു എന്ന് അനന്യാസ് ഉറപ്പിച്ചിരുന്നു.

യഥാർത്ഥത്തിൽ ശൗലിന്റെ ജീവിതത്തിലെ മാറ്റം വളരെ നാടകീയമായിരുന്നു. ഒരു മാനുഷിക ഇടപെടലിനും  അതു നിർവ്വഹിക്കാൻ കഴിയില്ല. ദൈവിക ഇടപെടലിനു മാത്രമേ അത് വിശദീകരിക്കാൻ കഴിയൂ. എങ്ങനെ യേശുവിന്റെ മുഖ്യ എതിരാളി പെട്ടെന്ന് അവനെ തന്റെ രക്ഷകനും ദൈവവുമായി സ്വീകരിക്കും. എല്ലാം പുറകിൽ ഉപേക്ഷിക്കുക. ഉറച്ച വിശ്വാസങ്ങൾ, ആദരവുകൾ, തൊഴിൽ എന്നിട്ട് ദൈവത്തിന്റെ ഏറ്റവും സമർപ്പിക്കപ്പെട്ടതും നിറയപ്പെട്ടതുമായ  അപ്പൊസ്തലനാവുക.

**ശൗലിന്റെ മാനസാന്തരം ദൈവത്തിന്റെ അത്ഭുത കൃപയുടെ പ്രവൃത്തിയാണെന്ന് ഏതു മാർഗ്ഗത്തിലാണ് വിശദീകരിക്കുന്നത്? ഈ കഥയുമായി ബന്ധപ്പെടുത്തി നിങ്ങളുടെ ജീവിതത്തിൽ ആരെ നിങ്ങൾ സംശയിച്ചു, അവൻ എപ്പോഴെങ്കിലും സത്യവിശ്വാസത്തിൽ വന്നിട്ടുണ്ടോ, നിങ്ങൾക്ക് ഇതിൽനിന്ന് എന്തു പഠിക്കാൻ കഴിയും?**

**ബുധൻ** ആഗസ്റ്റ് 1

**പൗലൊസിന്റെ ശുശ്രൂഷയുടെ ആരംഭം.**

അ.പ്ര. 9:19–25 നൽകുന്ന ആശയം പൗലൊസ് മാനസാന്തരത്തിനുശേഷം യെരൂശലേമിലേക്ക് മടങ്ങിപ്പോകാതെ ദമസ്കൊസിൽ തന്നെ കുറച്ചുനാൾകൂടി പാർത്തു (അ.പ്ര. 9:26). ഗലാ. 1:17 ൽ പൗലൊസ് കൂട്ടിച്ചേർക്കുന്നത് യെരൂശലേമിലേക്ക് പോകുന്നതിനു മുമ്പ് അവൻ അറബിദേശത്തേക്ക് പോയി. നാം മനസ്സിലാക്കുന്നത് അവിടെ കുറേക്കാലത്തേക്ക് ഏകാന്തവാസം നയിച്ചു. “ഇവിടെ മരുഭൂമിയുടെ ഏകാന്തതയിൽ പൗലൊസിന് ശാന്തമായി പഠിക്കാനും ധ്യാനത്തിനുമായി ധാരാളം സമയം ഉണ്ടായിരുന്നു.” Ellen G. White, The Acts of the Apostles p. 125.

**വായിക്കുക: അ.പ്ര 9:20-25 ദമസ്കൊസിലെ പൗലൊസിന്റെ ശുശ്രൂഷയെ എങ്ങനെയാണ് ലൂക്കൊസ് വിവരിക്കുന്നത്? എത്ര നന്നായിരുന്നു?**

മഹാപുരോഹിതന്റെ കത്തുമായി യെരൂശലേമിൽനിന്ന് പോകുമ്പോൾ പൗലൊസിന്റെ യഥാർത്ഥ ലക്ഷ്യം ദമസ്കൊസിലെ യെഹൂദാ ദൈവാലയങ്ങളിൽ അഭയം തേടുന്ന അഭയാർത്ഥികളായ യെഹൂദാ വിശ്വാസികളായിരുന്നു (അ.പ്ര. 9:2). ഇപ്പോൾ അറബിദേശത്തുനിന്നു മടങ്ങിവന്നതിനുശേഷം ദൈവാലയങ്ങൾ വിശ്വാസികളെ ബന്ധനസ്ഥരാക്കുവാനല്ല, ദൈവാലയങ്ങളിൽ അവരുടെ എണ്ണം വർദ്ധിപ്പിക്കുവാനാണ്. യേശു ശേഷം മറ്റൊരാളാണ് എന്ന് അപവാദം പറയുവാനല്ല, എന്നാൽ യിസ്രായേലിന്റെ മശീഹയായി യേശുവിനെ അവതരിപ്പിക്കാൻ പീഢനം നടത്തിയവരിൽ ഒരാളായി മാത്രം കേട്ടിരുന്നവരുടെ മനസ്സിലൂടെ കടന്നുപോയത് എന്തായിരിക്കും? ഇപ്പോൾ അവനെക്കുറിച്ച് കേൾക്കുന്നത് യേശുവിന്റെ സാക്ഷിയായിട്ടാണ്. അവർക്ക് എന്തു ചെയ്യാൻ കഴിയും? തർസൊസുകാരനായ ശൗൽ എന്തായി മാറി, എന്താണ് സഭയ്ക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നത് എന്നതിൽ അത്ഭുതമുള്ളവരായിരിക്കാം? (ഈ പുതിയ മാനസാന്തരക്കാരന് ക്രമേണ എന്ത് സ്വാധീനമാണുള്ളത് എന്നതിനെക്കുറിച്ച് മറ്റുള്ളവർക്ക് ഒരുപക്ഷേ ഒരു ആശയും ഉണ്ടായിരുന്നില്ല).

പൗലൊസിനെ ഖണ്ഡിക്കാൻ കഴിയില്ല അവന്റെ ചില എതിരാളികൾ അവന്റെ ജീവനെടുക്കുവാൻ ഗൂഢാലോചന നടത്തി. പൗലൊസിന്റെ വിവരണത്തിലെ പ്രത്യേകഭാഗം നിർദ്ദേശിക്കുന്നത് (2 കൊരി. 11:32,33) എതിരാളികളുടെ പദ്ധതി നേടുവാൻ അവൻ പ്രാദേശിക അധികാരികളുടെ മുമ്പിൽ അവനെ ഒരു കുറ്റവാളിയായി പ്രഖ്യാപിച്ചു. എങ്ങിനെയായിരുന്നാലും വിശ്വാസികളുടെ സഹായത്തോടെ, നഗരമതിലിന്മേൽ പണിത ഒരു വീടിന്റെ ജനാലയിലൂടെ ഒരു കുട്ടയിൽ പൗലൊസ് രക്ഷപ്പെട്ടു.

ആരംഭം മുതൽ തന്നെ വെല്ലുവിളികൾ നേരിടേണ്ടി വരുമെന്ന് പൗലൊസ് അറിഞ്ഞിരുന്നു (അ.പ്ര. 9:16). എതിർപ്പുകൾ, പീഢനം, കഷ്ടപ്പാടുകൾ, എല്ലാം ശ്രോതസ്സുകളിൽ നിന്നും നിരന്തരമായി തന്റെ ശുശ്രൂഷയിലുണ്ടാകും. കഷ്ടങ്ങളും പരിശോധനകളും പുതുജീവിതത്തിന്റെ ഓരോ ചുവടുവയ്പ്പിലും പ്രായോഗികമായി നേരിടേണ്ടിവന്നുവെങ്കിലും ഇതൊന്നും തന്റെ വിശ്വാസത്തെയോ കർത്തൃബോധത്തെയോ ഉലയ്ക്കുകയില്ല (2 കൊരി. 4:8,9).

**ബദ്ധപ്പാടുകളും എതിർപ്പുകളും ഉണ്ടായിരുന്നിട്ടും പൗലൊസ് അവസാനിപ്പിച്ചില്ല. ഇതുപോലെതന്നെ ചെയ്യാൻ നമുക്ക് എങ്ങനെ പഠിക്കാം? വിശ്വാസത്തിലേക്കുവരുമ്പോൾ, നിരാശയുടെയും എതിർപ്പിന്റെയും നടുവിൽ എങ്ങനെ സംരക്ഷിക്കാൻ കഴിയും?**

**യെരൂശലേമിലേക്കുള്ള മടക്കം**

ദമസ്കൊസിൽനിന്ന് രക്ഷപ്പെട്ട പൗലൊസ് സഭയെ ഉപദ്രവിക്കുന്നവൻ എന്നനിലയിൽ യെരൂശലേമിൽനിന്ന് പോയതിനുശേഷം ആദ്യമായി യെരൂശലേമിലേക്ക് മടങ്ങിവന്നു. ഇതു സംഭവിച്ചത് തന്റെ മാനസാന്തരത്തിനു ശേഷം മൂന്നു വർഷങ്ങൾ കഴിഞ്ഞാണ് (ഗലാ. 1:18) അതൊരു നിസ്സാര തിരിച്ചു വരവായിരുന്നില്ല. സഭയ്ക്കുള്ളിൽനിന്നും പുറത്തുനിന്നും പ്രശ്നങ്ങളെ അവൻ അഭിമുഖീകരിച്ചു.

**വായിക്കുക: അ.പ്ര. 9:26-30 യെരൂശലേമിൽ തിരിച്ചുവന്നപ്പോൾ പൗലൊസിന് എന്തു സംഭവിച്ചു?**

യെരൂശലേമിൽ പൗലൊസ് അപ്പൊസ്തലന്മാരോടുകൂടെ ചേരുവാൻ ശ്രമിച്ചു. ആ സമയം പൗലൊസ് ക്രിസ്ത്യാനിയായി മൂന്നുവർഷം ആയിരുന്നെങ്കിലും അവന്റെ മാനസാന്തരത്തിന്റെ വാർത്ത അവർക്ക് മുൻപ് അനന്യാസിനെപ്പോലെ സംശയത്തോടെയാണ് അപ്പൊസ്തലന്മാർ ശ്രവിച്ചത്.

ഇത് വളരെ സൂക്ഷ്മതയോടെ തയ്യാറാക്കിയ ഒരു പദ്ധതിയുടെ ഭാഗമാണ് എന്ന് അവർ ഭയപ്പെട്ടു. സൈപ്രസുകാരനായ ബർന്നബാസ് എന്ന ഒരു ലേവ്യനാണ് അപ്പൊസ്തലന്മാരുടെ എതിർപ്പിനെ ഭേദിച്ച് പൗലൊസിനെ അവർക്ക് പരിചയപ്പെടുത്തിയത് (അ.പ്ര. 4:36,37).

ദൈവം എന്താണ് പൗലൊസിനോട് ചെയ്തത് എന്നതിൽ അവരും അത്ഭുതപ്പെട്ടിട്ടുണ്ട്. അവൻ പറയപ്പെടുന്നതുപോലെതന്നെയാണെന്ന് ഒരിക്കൽ അവർ മനസ്സിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള എതിർപ്പുകൾ ഒരിക്കലും പൂർണ്ണമായി അപ്രത്യക്ഷമാകയില്ല. അങ്ങനെയെങ്കിൽ അതിന്റെ കാരണം സഭയെ ഉപദ്രവിക്കുവാൻ മുൻകാലങ്ങളിൽ പൗലൊസ് ചെയ്ത പ്രവർത്തികളും അതുമല്ലെങ്കിൽ അവൻ പ്രസംഗിച്ച സുവിശേഷവുമാണ്. സ്തെഫാനൊസിന്റെ കാര്യത്തിലെന്നപോലെ അപ്പൊസ്തലന്മാർ, യെഹൂദാവിശ്വാസികളടക്കമുള്ളവർ ക്രിസ്തീയവിശ്വാസത്തിന്റെ സാർവ്വലൗകികമായ പ്രതീക്ഷയെ മനസ്സിലാക്കുന്നതിൽ തികച്ചും അലംഭാവമുള്ളവരായിരുന്നു. പഴയനിയമത്തെയും കർമ്മാചാരങ്ങളെയും അടിസ്ഥാനപ്പെടുത്താത്ത, പ്രത്യേകിച്ച് യാഗവ്യവസ്ഥയിൽ അതും യേശുവിന്റെ ക്രൂശ്മരണത്തോടെ അതിന്റെ സാധുത നഷ്ടമായിരുന്നു. സഭയ്ക്കുള്ളിലെ പൗലൊസിന്റെ ബന്ധങ്ങളിൽ ഏറ്റവും അടുത്ത വലയം യെഹൂദ്യയിൽ നിന്നുള്ള യവന വിശ്വാസികളായിരിക്കും. ബർന്നബാസിനെക്കൂടാതെ ഏഴുപേരിൽ ഒരുവനായ ഫിലിപ്പോസും (അ.പ്ര. 2:18); കുപ്രൊസുകാരനായ മ്നാസോനും (അ.പ്ര. 21:16); വളരെ

വർഷങ്ങൾക്കുശേഷം യെരൂശലേമിലെ സഭാനേതാക്കന്മാർ, സ്തെഫാനൊസ് നേരത്തെ സംസാരിച്ചിട്ടുള്ള അതേ ഉപദേശങ്ങൾത്തന്നെയാണ് അടിസ്ഥാനപരമായി പൗലൊസും സംസാരിക്കുന്നത് എന്നുപറഞ്ഞ് അവനെതിരെ കുറ്റാരോപണം നടത്തും.

പതിനഞ്ചുദിവസങ്ങൾ അവൻ യെരൂശലേമിൽ താമസിച്ചു (ഗലാ. 1:18). ഈ സമയം പൗലൊസ് കുറച്ചു നാളുകൾക്കുമുമ്പ് സ്തെഫാനൊസിനെതിരെ അക്രമണത്തിന് ഇളക്കിവിട്ട അവിശ്വാസികളായ യെഹൂദന്മാരോട് സുവിശേഷം പങ്കുവയ്ക്കാൻ അവൻ വ്യക്തമായി തീരുമാനിച്ചു. സ്തെഫാനൊസിനോടെന്നപോലെ പൗലൊസിന്റെ ശ്രമങ്ങളും ശക്തമായ എതിർപ്പുകളെ നേരിട്ടു, അവന്റെ സ്വന്തജീവനു തന്നെ ഭീഷണി ഉയർന്നു. അവന്റെ സ്വയരക്ഷയ്ക്കായി യെരൂശലേം വിട്ടുപോകുവാൻ ഒരു ദർശനത്തിൽ യേശു അവനോടു പറഞ്ഞു (അ.പ്ര. 22:17-21). സഹവിശ്വാസികളുടെ സഹായത്തോടെ അവൻ തുറമുഖനഗരമായ കൈസര്യയിലേക്കും അവിടെനിന്ന് സ്വന്തപട്ടണമായ കിലികൃയിൽ പോയി. അവിടെ അവൻ, തന്റെ മിഷനറി യാത്രകൾക്കു മുൻപ് അനേക വർഷങ്ങൾ താമസിക്കും.

**വെള്ളി** **ആഗസ്റ്റ് 3**

**കൂടുതൽ ചിന്തയ്ക്ക്**

"ഒരു ജനറൽ യുദ്ധക്കളത്തിൽ കൊല്ലപ്പെടുമ്പോൾ അവന്റെ സൈന്യത്തിന് അവൻ നഷ്ടപ്പെടുന്നു. എന്നാൽ അവന്റെ മരണം ശത്രുവിന് അധികശക്തി നൽകുന്നില്ല. എന്നാൽ പ്രശസ്തനായ ഒരു മനുഷ്യൻ എതിർസൈന്യത്തിൽ ചേരുമ്പോൾ, അവന്റെ സേവനങ്ങൾ നഷ്ടപ്പെടുന്നു എന്നു മാത്രമല്ല അവൻ ആരോടാണോ ചേരുന്നത് അവൻ തന്നെ വ്യക്തമായ ഒരു നേട്ടമായിരിക്കും. തർസൊസുകാരനായ ശൗൽ ദമസ്കൊസിലേക്കുള്ള വഴിയിൽ വളരെ നിസ്സാരമായി ദൈവത്തിന് അവന്റെ ജീവനെ പ്രഹരിക്കാമായിരുന്നു. പീഢിപ്പിക്കുവാനുള്ള ശക്തി അവനിൽനിന്ന് എടുത്തുകളയാമായിരുന്നു. എന്നാൽ ദൈവം തന്റെ സംരക്ഷണത്താൽ ശൗലിന്റെ ജീവനെ മരണത്തിൽനിന്ന് രക്ഷിച്ചതുമാത്രമല്ല, അവനെ പുതിയൊരു വ്യക്തിയായി മാറ്റി. അങ്ങനെ ഒരു പോരാളിയെ ശത്രുവിന്റെ പക്ഷത്തുനിന്ന് യേശുവിന്റെ പക്ഷത്തേയ്ക്ക് മാറ്റി." Ellen G. White, The Acts of the Apoatles p. 124.

"ക്രിസ്തു തന്റെ ശിഷ്യന്മാരോടു കല്പിച്ചു ലോകത്ത് എല്ലായിടത്തും പോയി ഉപദേശിക്കുവാൻ. എന്നാൽ യെഹൂദന്മാരിൽനിന്ന് മുൻപ് അവർക്കു ലഭിച്ച ഉപദേശങ്ങൾ അവരുടെ ഗുരുവിന്റെ ഉപദേശങ്ങളെ പൂർണ്ണമായി മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കി. ആയതിനാൽ അതിന്മേൽ സാവകാശ

ത്തിലാണ് അവർ പ്രവർത്തിച്ചത്. അവർ അവരെത്തന്നെ അബ്രഹാമിന്റെ മക്കൾ എന്ന് വിളിച്ചിരുന്നു. സ്വർഗ്ഗീയ വാഗ്ദത്തങ്ങളുടെ അവകാശികളായും കണക്കാക്കപ്പെട്ടിരുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് അനേകവർഷങ്ങൾക്ക് ശേഷം അവരുടെ മനസ്സുകൾ ശക്തിയായി വളർന്ന് കർത്താവിന്റെ വചനങ്ങളുടെ ലക്ഷ്യമെന്താണെന്ന് മനസ്സിലാക്കുവാൻ വികാസം പ്രാപിച്ചു. അവർ ജാതികളെയും അതുപോലെ തന്നെ യെഹൂദന്മാരെയും മാനസാന്തരപ്പെടുത്തുവാൻ അദ്ധ്വാനിക്കണമായിരുന്നു. Ellen G. Sketches From the Life of Paul, p. 38

**ചർച്ച ചെയ്യുക**

1. യേശുവിൽ കൂടുതൽ വസിക്കുക: ദമസ്കൊസിലേക്കുള്ള വഴിയിൽ പൗലൊസിനോടുള്ള ചോദ്യം "നീയെന്തിന് എന്നെ ഉപദ്രവിക്കുന്നു" (അ.പ്ര. 9:4). പൗലൊസിന്, ഈ ചോദ്യം നസ്രേയനായ യേശു മരിച്ചവരിൽനിന്ന് തീർച്ചയായും ഉയിർത്തെഴുന്നേറ്റു എന്നുള്ളതിന്റെ സൂചനയായിരുന്നു. എന്നാൽ അതിലുപരി യേശുവും തന്റെ സഭയും തമ്മിലുള്ള നിലനില്പിന്റെ അടയാളം കൂടിയായിരുന്നു (മത്താ. 25:34-45 കൂടി കാണുക). ഉപസംഹാരം പെട്ടെന്ന് മനസ്സിലാക്കാം. സഭയ്ക്ക് ചെയ്തിട്ടുള്ള എന്തു ദോഷവും യേശുവിനുതന്നെ ചെയ്ത ദോഷമാണ്: പ്രായോഗികശൈലിയിൽ ഇത് ഇന്നു നമ്മളെ എന്താണ് അർത്ഥമാക്കുന്നത്?

2. യേശുവിനുവേണ്ടി സാക്ഷിയാകുന്നതിൽ യേശുവിനുവേണ്ടി കഷ്ടമനുഭവിക്കുന്നതും ഉൾപ്പെടുന്നു. ഇത് അവസരത്താലല്ല, ഗ്രീക്ക് വാക്കായ സാക്ഷി (martys) രക്തസാക്ഷിയാക്കുക (martyrdom) എന്ന വാക്കിനോട് ചേർന്നുവന്നതാണ്. യേശുവിനുവേണ്ടി കഷ്ടം അനുഭവിക്കുക എന്നത് അർത്ഥമാക്കുന്നത് എന്താണ്?

3. ഒരു പഴയ ലത്തീൻ പദപ്രയോഗമുണ്ട് credo it intelligam അതിന്റെ അർത്ഥം "ഞാൻ മനസ്സിലാക്കുന്നതനുസരിച്ച് ഞാൻ വിശ്വസിക്കുന്നു." തർസൊസുകാരനായ ശൗലിന് എന്തുസംഭവിച്ചു എന്നു മനസ്സിലാക്കാൻ ഈ ആശയം നമ്മെ എങ്ങനെ സഹായിക്കുന്നു? അവന്റെ മാനസാന്തരത്തിനു മുൻപ് പൗലൊസ് യേശുവിൽ വിശ്വസിക്കുന്നതിനു മുൻപ് അവൻ മനസ്സിലാക്കിയില്ല. അവന്റെ അനുഭവത്തിനു ശേഷമാണ് അവന് അതു മനസ്സിലാക്കാൻ സാധിച്ചത്. നമുക്ക് വ്യക്തമായ സത്യങ്ങൾ വിശ്വസിക്കാൻ കഴിയാത്ത മറ്റുള്ളവരുടെ മുൻപിൽ നാം കുഴങ്ങുന്നവരായി കാണുന്ന സമയത്ത് ഇതിൽനിന്ന് നമുക്ക് എന്തു പാഠം അടയാളപ്പെടുത്തുവാൻ കഴിയും?

✪ ✪ ✪ ✪